I. ഇ.ബി. XV-കേരള നിയമസഭ/XIII-18

**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 മാർച്ച് 19, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അനുമോദനം**

സുനിതാ വില്യംസിനും സംഘത്തിനും ആശംസകൾ

മി. സ്പീക്കർ: ഒൻപത് മാസത്തെ ബഹിരാകാശ പര്യവേഷണ യജ്ഞം പൂർത്തിയാക്കി ഭൂമിയിൽ തിരിച്ചെത്തിയ സുനിതാ വില്യംസിനും സംഘത്തിനും ഈ സഭയുടെ ആശംസകൾ അറിയിക്കുന്നു.

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ച നോട്ടീസ് ക്ഷേത്രോത്സവത്തോട് അനുബന്ധിച്ചുണ്ടായ സംഘർഷത്തെ സംബന്ധിച്ചുള്ളതാണ്. ഈ വിഷയം പൊതുപ്രാധാന്യമർഹിക്കാത്തതും അടിയന്തര സ്വഭാവമില്ലാത്തതുമായതിനാൽ അനുവദിക്കാൻ കഴിയുന്നതല്ല. ഈ നോട്ടീസ് ആദ്യ സബ്മിഷനായി അനുവദിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി.ഡി. സതീശൻ): ഇന്ന് നോട്ടീസ് നൽകിയ വിഷയം വളരെ ഗൗരവമുള്ളതും പൊതുപ്രാധാന്യമുള്ളതുമാണ്. അമ്പലത്തിലെ ഉത്സവത്തോടനുബന്ധിച്ച് പോലീസിനെ ആക്രമിക്കുകയും കേസ് രജിസ്റ്റർ ചെയ്ത പോലീസ് ഉദ്യോഗസ്ഥരെ സ്ഥലംമാറ്റുകയും ചെയ്തതിലൂടെ പോലീസിന്റെ ആത്മവീര്യം തകർത്ത വിഷയമാണ് റൂൾ 50 പ്രകാരം കൊണ്ടുവന്നിരിക്കുന്നത്. സർക്കാരിന് അപ്രിയങ്ങളായ വിഷയം സഭയിൽ കൊണ്ടുവരാൻ സമ്മതിക്കില്ലെന്നത് ശരിയായ നടപടിയല്ല. ഇത് കീഴ്വഴക്കങ്ങളുടെ ലംഘനമാണ്. റൂൾ 50 അനുവദിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന വിവിധ വായ്പാ പദ്ധതികളുടെ വിപുലീകരണം

ശ്രീ. യു. ആർ. പ്രദീപ്: കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷനിൽ തുടർന്നുവരുന്ന നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനും സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിനും നടപടി സ്വീകരിക്കണം. കോർപ്പറേഷനിൽ 6 ശതമാനം പലിശയ്ക്ക് സ്വർണ്ണപ്പണയവായ്പ ഏർപ്പെടുത്താനും തൊഴിലധിഷ്ഠിത കോഴ്സുകൾ പാസ്സായ വിദ്യാർഥികൾക്ക് ട്രെയിനിങ് നൽകാനുമുള്ള നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് കോർപ്പറേഷന്റെ പുതിയ ബ്രാഞ്ചുകളും താലൂക്കടിസ്ഥാനത്തിൽ സേവനങ്ങൾ നൽകാനുള്ള സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ വികസന

കോർപ്പറേഷന് നിലവിൽ 14 ജില്ലാ ബ്രാഞ്ചുകളും കിളിമാനൂർ, വണ്ടൂർ, ചേലക്കര എന്നിവിടങ്ങളിൽ ഉപജില്ലാ ഓഫീസുകളുമാണുള്ളത്. പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കായി വരുമാനദായക പദ്ധതികളിലും ക്ഷേമപദ്ധതികളിലുമാണ് കോർപ്പറേഷൻ മിതമായ പലിശ നിരക്കിൽ വായ്പ നൽകിവരുന്നത്. സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയിലാണ് കേന്ദ്ര പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷനുകൾ സംസ്ഥാന കോർപ്പറേഷന് വായ്പ നൽകുന്നത്. നിലവിൽ സർക്കാർ ഗ്യാരന്റി 265 കോടി രൂപയായി ഉയർത്തിയിട്ടുള്ളതിനാൽ വായ്പാ പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്താൻ കോർപ്പറേഷന് കഴിയുന്നതാണ്. സ്വർണ്ണപ്പണയവായ്പ ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. സർക്കാരിന്റെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷനെ അക്രെഡിറ്റഡ് ഏജൻസിയാക്കുന്നത് സംബന്ധിച്ച് മാനദണ്ഡപ്രകാരം മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. സ്റ്റാഫ് പാറ്റേൺ പുതുക്കുന്നത് സംബന്ധിച്ച് ഐ.എം.ജി.- യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) കൊച്ചി കായലോര പ്രദേശങ്ങളിലെ സംരക്ഷണ പ്രവൃത്തികൾ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): കാലാകാലങ്ങളായി കായലുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കൽ നീക്കം ചെയ്യാത്തതിനാൽ അവയുടെ സംഭരണശേഷി കുറഞ്ഞുവരികയാണ്. കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന വേലിയേറ്റത്താൽ കൊച്ചി തീരപ്രദേശങ്ങളിലെ ജനങ്ങൾക്ക് വീടുകളിൽ താമസിക്കാൻ സാധിക്കാത്ത ഗുരുതര സാഹര്യമാണുള്ളത്. തകർന്നുകിടക്കുന്ന സംരക്ഷണഭിത്തി പുനർനിർമ്മിക്കാനും അനുബന്ധ പ്രവൃത്തികൾ നടത്താനുമുള്ള നടപടി സ്വീകരിക്കണം. തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കായലോര പ്രദേശങ്ങളിലെ വേലിയേറ്റം തടയുന്നതിനായുള്ള പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചെങ്കിലും പ്രവൃത്തികൾ പല പ്രദേശങ്ങളിലായതുകൊണ്ടും പ്രായോഗിക ബുദ്ധിമുട്ടുകളുള്ളതുകൊണ്ടും ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല. ഈ പ്രവൃത്തി മൂന്നായി വിഭജിച്ച് ടെൻഡർ ചെയ്യുന്നതിനുള്ള അനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിൽ എത്രയുംവേഗം ഭരണാനുമതി നൽകി ഈ വിഷയത്തിന് ശാശ്വതപരിഹാരം കാണാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന ഇടക്കൊച്ചി, പെരുമ്പടപ്പ്, കുമ്പളങ്ങി, കമ്പളം തുടങ്ങി വിവിധ പ്രദേശങ്ങളിൽ കാലാകാലങ്ങളായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ വെള്ളക്കെട്ടിനും അനുബന്ധ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം കാണുന്നതിനായി കായലുകൾക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും എക്കൽ നീക്കി ആഴം വർധിപ്പിക്കുന്നതിനും സ്ലൂയിസ് നിർമ്മിക്കുന്നതിനുംവേണ്ടി വിഭാവനം ചെയ്ത പ്രവൃത്തിക്ക് 4.85 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് Location base ചെയ്ത് മൂന്ന് പ്രവൃത്തികളാക്കി വിഭജിച്ച് തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് ഭരണാനുമതി പുനഃക്രമീകരിച്ച് നൽകുന്നതിനായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്. ഓപ്പറേഷൻ വാഹിനിയിൽ ഉൾപ്പെടുത്തി ഞാറക്കൽ, എടവനക്കാട് പഞ്ചായത്തുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തി

ചെയ്തിട്ടുണ്ട്. വൈപ്പിൻ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ പുഴകളുടെയും ചെറുതോടുകളുടെയും എക്കൽ നീക്കി ആഴം കൂട്ടുന്നതിനും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുമായി 1684 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എളങ്കുന്നപ്പുഴ പഞ്ചായത്തിലെ ആർ.എം.പി തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുമുള്ള 600.13 ലക്ഷം രൂപയുടെ ഡി.പി.ആർ. സർക്കാർ പരിശോധിച്ചുവരികയാണ്. വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ എം.പി., എം.എൽ.എ.-മാർ പങ്കെടുത്ത യോഗത്തിലെ തീരുമാനങ്ങളുംകൂടി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) വേമ്പനാട് കായൽ ശുചീകരണത്തിന് പ്രത്യേക പദ്ധതി

ശ്രീ. പി. പി. ചിത്തരഞ്ജൻ: വേമ്പനാട് കായലിന്റെ പുനരുദ്ധാരണത്തിന് സമഗ്ര പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): വേമ്പനാട് കായലിലെ മലിനീകരണം തടയുന്നതിനായി പഞ്ചായത്ത്-മുനിസിപ്പൽ-ജില്ലാതല സ്ക്വാഡുകൾ

പ്രവർത്തിച്ചുവരുന്നുണ്ട്. ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലായി രണ്ട് ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകളും അഞ്ച് ശുചിമുറി മാലിന്യ സംസ്കരണ പ്ലാന്റുകളും അഞ്ച് മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റുകളും സ്ഥാപിക്കുന്നതാണ്. ജില്ലാ കളക്ടറുടെയും ജില്ലാ പഞ്ചായത്തിന്റെയും നേതൃത്വത്തിൽ വേമ്പനാട് കായൽ ശുചീകരിക്കാനുള്ള സമഗ്ര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(2) മണിമല വില്ലേജിലെ റവന്യൂ ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറാൻ നടപടി

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമല വില്ലേജിലെ റവന്യൂ ഭൂമി ഭിന്നശേഷി ഗ്രാമത്തിനായി വിട്ടുനൽകാൻ അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഭിന്നശേഷിക്കാർക്ക് പുനരധിവാസ ഗ്രാമം ആരംഭിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് കൈമാറുന്ന സ്ഥലത്ത് മരങ്ങളുടെ മൂല്യനിർണ്ണയം നടത്തിയ റിപ്പോർട്ട് തഹസിൽദാർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഭൂമികൈമാറ്റ പ്രൊപ്പോസൽ സമയബന്ധിതമായി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുന്നതാണ്.

പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് കാലതാമസം കൂടാതെ തുടർനടപടി സ്വീകരിക്കുന്നതാണ്.

(3) ചങ്ങനാശ്ശേരി റവന്യൂ ടവറിലെ ലിഫ്റ്റുകളുടെ പ്രവർത്തനം

ശ്രീ. ജോബ് മൈക്കിൾ: ചങ്ങനാശ്ശേരി റവന്യൂ ടവറിലെ ലിഫ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ചങ്ങനാശ്ശേരി റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന കാര്യാലയങ്ങളിൽനിന്നും വലിയ തുക വാടകയിനത്തിൽ ലാൻഡ് റവന്യൂ ബോർഡിന് ലഭിക്കാനുണ്ട്. വാടക കൃത്യമായി ലഭിക്കാത്തതിനാൽ ലിഫ്റ്റുകളുടെ അറ്റകുറ്റപ്പണികൾ, ലിഫ്റ്റ് മാറ്റി സ്ഥാപിക്കൽ, നിലവിലുള്ള ലിഫ്റ്റുകളുടെ എ.എം.സി. പുതുക്കൽ എന്നിവ യഥാസമയം നിർവഹിക്കാൻ സാധിക്കുന്നില്ല. വാടകത്തുക സമാഹരിക്കുന്നമുറയ്ക്ക് പ്രശ്നത്തിന് ശാശ്വതപരിഹാരം കാണാൻ സാധിക്കുന്നതാണ്.

(4) കസബ ശാന്തിനഗർ നിവാസികളുടെ പട്ടയ പ്രശ്നം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: പുതിയങ്ങാടി വില്ലേജിലെ ശാന്തിനഗർ കോളനി നിവാസികളുടെ ഭൂമിക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പുതിയങ്ങാടി വില്ലേജിലെ ശാന്തിനഗർ കോളനിയിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങളുണ്ട്. പുനരധിവാസവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ അന്തിമ പരിഹാരം കാണുന്നതിനായി നേരിട്ട് സ്ഥലപരിശോധന നടത്തി താമസക്കാരുടെ അഭിപ്രായം ആരാഞ്ഞ് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് എം.എൽ.എ.-യെയും പ്രദേശവാസികളുടെ പ്രതിനിധികളെയും ജില്ലാ ഭരണകൂടത്തെയും ഉൾപ്പെടുത്തി യോഗം ചേരാവുന്നതാണ്.

(5) വേമ്പനാട് കായൽ ഡ്രഡ്ജിങ്

ശ്രീ. ടി. ജെ. വിനോദ്: വേമ്പനാട് കായലിലെയും കൈവഴികളിലെ കനാലുകളിലെയും എക്കലും മണ്ണും നീക്കം ചെയ്യാനും വേലിയേറ്റത്തിന്റെ കാരണം സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തി പരിഹാരം കാണാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): വേലിയേറ്റംമൂലം കായലുകളിൽ എക്കലും മണ്ണും അടിഞ്ഞുകൂടി ജലസംഭരണശേഷി

കുറയുന്നതിന് പരിഹാരം കാണേണ്ടതുണ്ട്. വേലിയേറ്റമുണ്ടാകുന്നതുമായി ബന്ധപ്പെട്ട് ശാസ്ത്രീയ പഠനം നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(6) കല്ല്യാശ്ശേരിയിലെ റഗുലേറ്റർ-കം-ബ്രിഡ്ജിന് പുതിയ ഷട്ടർ

ശ്രീ. എം. വിജിൻ: കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ റഗുലേറ്റർ-കം-ബ്രിഡ്ജിന് പുതിയ ഷട്ടർ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്രവൃത്തികൾ നടത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ നിലവിലുള്ള റഗുലേറ്റർ-കം-ബ്രിഡ്ജുകളുടെ നിർമ്മാണപ്രവർത്തനത്തിനും അറ്റകുറ്റപ്രവൃത്തികൾക്കുമായി സമഗ്രമായ പദ്ധതിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ആയത് അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(7) ഇടുക്കി ജില്ലയിലെ നിർമ്മാണ സാമഗ്രികളുടെ ക്ഷാമം

ശ്രീ. വാഴൂർ സോമൻ: ഇടുക്കി ജില്ലയിലെ നിർമ്മാണ സാമഗ്രികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി നിബന്ധനകൾക്ക് വിധേയമായി ക്വാറികൾക്ക് പ്രവർത്തിക്കാൻ അനുവാദം നൽകാനും കൃഷി ആവശ്യത്തിനായി കുളം നിർമ്മിക്കുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കോടതി വിധികളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ പുതിയ ക്വാറികളുടെ നിർമ്മാണത്തിന് അനുമതി നൽകാൻ കഴിയാത്ത സാഹചര്യമാണ്. റവന്യൂ ഭൂമിയിലുള്ള ക്വാറികൾ ലേലം ചെയ്തുകൊടുക്കുന്നതിന് കളക്ടറുടെ എൻ.ഒ.സി.-ക്കനുസരിച്ച് റവന്യൂ വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. പരിസ്ഥിതിലോല പ്രദേശങ്ങളിൽ ക്വാറികൾക്ക് അനുമതി നൽകാൻ സാധിക്കില്ല. ഇടുക്കി ജില്ലയിലെ വിവിധ താലൂക്കുകളിൽനിന്നും ജില്ലാ ഓഫീസിൽ ലഭിച്ച അപേക്ഷകളിന്മേൽ തുടർനടപടി സ്വീകരിച്ചുവരികയാണ്. കൃഷിയാവശ്യത്തിനായി കുളം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ പരിശോധിച്ച് അനുമതി നൽകുന്ന കാര്യം വേഗത്തിലാക്കും.

(8) കശുവണ്ടിയുടെ ന്യായവിലയും സംഭരണവും

ശ്രീ. സജീവ് ജോസഫ്: കശുവണ്ടിക്ക് ന്യായവില ഏർപ്പെടുത്തി സംഭരണം നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കശുവണ്ടി വില നിർണ്ണയവുമായി ബന്ധപ്പെട്ട് നിലവിലുള്ള കമ്മിറ്റി 140/-

രൂപ അടിസ്ഥാന വില നിശ്ചയിച്ച് സംഭരണം നടത്തുന്നതുമൂലം സർക്കാരിന് നഷ്ടം നേരിടുന്നുണ്ടെങ്കിലും പരാമാവധി ഉയർന്ന വില നൽകാനാണ് ശ്രമിക്കുന്നത്. കശുവണ്ടി വികസന കോർപ്പറേഷൻ മുഖേന കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി KSACC വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ആഭ്യന്തരമായി കാഷ്യൂ സംഭരിക്കുന്നതിന് കാഷ്യൂ ബോർഡിനെ ചുമതലപ്പെടുത്തുകയും 20000 മെട്രിക് ടൺ കശുവണ്ടി ഇറക്കുമതി ചെയ്യുകയും ചെയ്തിട്ടുണ്ട്.

(9) എൻ.എച്ച്.- 66-ൽ കായംകുളത്തെ അടിപ്പാത-മേൽപ്പാലം നിർമ്മാണം

ശ്രീമതി യു. പ്രതിഭ: കായംകുളം നിയോജകമണ്ഡലത്തിലെ ദേശീയപാത 66-ൽ ഉൾപ്പെടുന്ന അടിപ്പാത-മേൽപ്പാലങ്ങളുടെ പ്രവൃത്തി സംബന്ധിച്ച് വ്യക്തത വരുത്തി ആയതിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ദേശീയപാത 66-ന്റെ ഭാഗമായി പ്രസ്തുത പ്രദേശത്ത് ഏഴ് അടിപ്പാതകൾ നിർമ്മിക്കുന്നതായാണ് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുള്ളത്. പ്രതിസന്ധികളെല്ലാം തരണംചെയ്ത് ദേശീയപാതാ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

## (10) പെരുവള്ളൂർ സി.എച്ച്.സി.-യിലെ ഐസൊലേഷൻ വാർഡ് പൂർത്തീകരണം

ശ്രീ. പി. അബ്ദുൽ ഹമീദ്: വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പെരുവള്ളൂർ സി.എച്ച്.സി.-യിലെ സ്തംഭനാവസ്ഥയിലായ ഐസൊലേഷൻ വാർഡ് പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പെരുവള്ളൂർ സി.എച്ച്.സി.-യിലെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണച്ചുമതല തൃശ്ശൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ടെൻഡർ മുഖേന 2022-ൽ നൽകിയിട്ടുള്ളതാണ്. അവിടത്തെ ഇ.പി.എസ്. വാൾ പാനൽ, പഫ് റൂഫിങ് ഷീറ്റ് എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. പരിശോധനാ സർട്ടിഫിക്കറ്റ് ലഭിക്കുന്നമുറയ്ക്ക് നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

## V റിപ്പോർട്ട് സമർപ്പണം

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

**VI ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന**

(1) 2021 ജൂൺ 28-ാം തീയതിയിലെ ജി.ഒ.(എം.എസ്.) നം. 120/2021/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നം. 482/2021) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2021-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസ്

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 1 മുതൽ 13 വരെയുള്ള ഭേദഗതികൾ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിക്കുന്നു.

4) In Principal Rule 15(1) proposed to be amended by Rule 2(9)(a) before the word " acknowledgement" the words " or an" shall be inserted.

13) In the second paragraph of Rule 99(7) proposed to be inserted in the principal Rule by Rule 2(16) after the words " shall be" the word " at" shall be inserted.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(2) 2021 ജൂൺ 28-ാം തീയതിയിലെ ജി.ഒ.(എം.എസ്.) നം. 121/2021/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നം. 483/2021) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2021-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസ്

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 1 മുതൽ 17 വരെയുള്ള ഭേദഗതികൾ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിക്കുന്നു.

(4) In principal Rule 15(1) proposed to be amended by Rule 2(9)(a) before the word " acknowledgment" the words " or an" shall be inserted.

(10) In Rule 19B(1) proposed to be inserted in the principal Rule by Rule 2(10) for the words " as intimate to the authority" the words " shall intimate the authority concerned" shall be substituted.

(14) The second paragraph of Rule 99(7) proposed to be inserted in the principal Rule by Rule 2(15) after the words " shall be" the word " at" shall be inserted.

(15) In Appendix A1A proposed to be inserted in the principal Rule by Rule 2(17), in the entry against serial no. 9 for the letters " KPBR" the letters " KMBR" shall be substituted.

(16) In Appendix A1A proposed to be inserted in the principal Rule by Rule 2(17), in the entry against serial no. 19 for the words and figures " Kerala Panchayth Building Rules 2019" the words,

symbol and figures " Kerala Municipality Building Rules, 2019" shall be substituted.

(17) In Appendix A1A proposed to be inserted in the principal Rule by Rule 2(17), in the entry against serial no. 19 for the words and figures " Kerala Panchayath Raj Act, 1994" the words, symbol and figures " Kerala Municipality Act, 1994 (20 of 1994)" shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(3) 2020 ജൂലൈ 01-ാം തീയതിയിലെ സ.ഉ.(അച്ചടി) നം. 89/2020/ധനം. (എസ്.ആർ.ഒ. നം. 726/2020) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2020-ലെ കേരള ട്രഷറി (ഒന്നാമത് ഭേദഗതി) ചട്ടങ്ങൾ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 1, 2 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(4) 2024 ഒക്ടോബർ 02-ാം തീയതിയിലെ സ.ഉ. (അച്ചടി) നം. 52/2024/ തസ്വഭവ. (എസ്.ആർ.ഒ. നം. 1104/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള പഞ്ചായത്ത് രാജ് (മൃഗാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 1 മുതൽ 12 വരെയുള്ള ഭേദഗതികൾ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

## VII ക്രമപ്രശ്നം

### കേരള റാഗിങ് നിരോധന നിയമത്തിന് ചട്ടങ്ങൾ രൂപീകരിക്കാത്തത് സംബന്ധിച്ച്

ശ്രീ. എ. പി. അനിൽ കുമാർ: 1998-ൽ പാസ്സാക്കിയ കേരള റാഗിങ് നിരോധന നിയമ പ്രകാരം രൂപീകരിക്കേണ്ട ചട്ടങ്ങൾ നാളിതുവരെ രൂപീകരിച്ചിട്ടില്ല. ചട്ടങ്ങളുടെ അഭാവംമൂലം സംസ്ഥാനത്ത് നിയമം ഫലപ്രദമായി നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യമാണ്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 238 (2) പ്രകാരം ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ച് 90 ദിവസത്തിനകം ചട്ടങ്ങളുടെ കരട് തയ്യാറാക്കി സബ്ജക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്ക് നൽകേണ്ടതാണ്. എന്നാൽ നിയമം നിലവിൽവന്ന് 27 വർഷമായിട്ടും ചട്ടങ്ങൾ രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കാത്തതിനാൽ നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യലക്ഷ്യം തന്നെ പരാജയപ്പെട്ടിരിക്കുന്നു. ഇത് ഗുരുതരമായ കൃത്യവിലോപമായതിനാൽ 30 ദിവസത്തിനകം റാഗിങ് നിരോധന നിയമത്തിന് ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടിയുണ്ടാകണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നതിനനുസൃതമായി സമയബന്ധിതമായി ചട്ടങ്ങളും പുറപ്പെടുവിക്കേണ്ടതാണ്. 1998-ൽ റാഗിങ് നിരോധന നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം 2009-ൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ റെഗുലേഷൻ വന്നതിനാൽ ചട്ടങ്ങളില്ലാതെതന്നെ നിയമം നടപ്പാക്കാൻ അത് പ്രാപ്തമാണെന്നാണ് കണ്ടിരുന്നത്. റാഗിങ് നിരോധനം, റാഗിങിലെ ശിക്ഷ, ശിക്ഷിക്കപ്പെടുന്ന വിദ്യാർഥികളെ പിരിച്ചുവിടൽ, റാഗിങ് സംബന്ധിച്ച് പരാതിപ്പെട്ടാൽ അന്വേഷണം വരെ സസ്പെൻഡ് ചെയ്യൽ, കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്നതിന് ശിക്ഷ എന്നിവയ്ക്ക് നിയമത്തിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടങ്ങൾ രൂപീകരിക്കാൻ അധികാരമുണ്ടെങ്കിലും

പ്രസ്തുത നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ നടപ്പാക്കാൻ പ്രത്യേകമായി ചട്ടം രൂപീകരിക്കണമെന്നുള്ളത് ഈ നിയമത്തിൽ കാണുന്നില്ല. നിലവിലെ സാഹചര്യം പരിഗണിച്ച് റാഗിങ് നിരോധന നിയമത്തിന് ചട്ടങ്ങൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**റൂളിങ്**

മി. സ്പീക്കർ: സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിങ് ഒരു ക്രിമിനൽ കുറ്റമായി വീക്ഷിക്കണമെന്നും കുറ്റവാളികളെ സാധാരണ കുറ്റവാളികളെപ്പോലെ തന്നെ പ്രോസിക്യൂട്ട് ചെയ്യണമെന്നും റാഗിങ് തടയുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോലീസിന് പ്രവേശിക്കാമെന്നും ഇതുമായി ബന്ധപ്പെട്ട ഒരു കേസിൽ 1991-ൽ ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരുന്നു. അതിനെത്തുടർന്ന് സർക്കാരിന്റെ വിവിധ എക്സിക്യൂട്ടീവ് ഉത്തരവുകൾ വന്നെങ്കിലും അതിന് ഉദ്ദേശിച്ച ഫലം ഉണ്ടാകാതിരുന്നതിനാലും റാഗിങിന്റെ പേരിൽ വിദ്യാർഥികളെ തുടർന്നും ക്രൂരമായി പീഡിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലുമാണ് 10-ാം കേരള നിയമസഭയിൽ 1998 ഏപ്രിൽ 21-ാം തീയതി കേരള റാഗിങ് നിരോധന നിയമം പാസ്സാക്കിയത്. ഏകദേശം 27 വർഷങ്ങൾക്കുമുമ്പ് കേരള നിയമസഭ ഈ നിയമം പാസ്സാക്കുമ്പോൾ അത് ഇന്ത്യയിൽത്തന്നെ

ഇത്തരത്തിലുള്ള ആദ്യത്തെ നിയമമായിരുന്നു. കാൽ നൂറ്റാണ്ട് പിന്നിട്ട ഈ നിയമം നിർമ്മിക്കപ്പെട്ട കാലത്ത് നമ്മുടെ കലാലയങ്ങളിൽ നടന്നുവന്നിരുന്ന തരത്തിലുള്ള റാഗിങ് രീതികളല്ല സമീപകാലങ്ങളിൽ നടന്നുവരുന്നത്. ക്രൂരവും പൈശാചികവുമായ രൂപഭേദങ്ങൾ ഇക്കാര്യത്തിൽ സംഭവിച്ചിരിക്കുന്നു. നിലവിലുള്ള നിയമത്തിലെ ദൗർബല്യങ്ങൾ ഇത്തരം പ്രവണതകൾ ശക്തിപ്പെടുന്നതിന് കാരണമായിട്ടുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. അങ്ങനെ കാണുന്നുണ്ടെങ്കിൽ അതിന് അടിയന്തര പരിഹാരം കാണേണ്ടതാണ്. ഇവിടെ പരാമർശിക്കപ്പെട്ട യു.ജി.സി. റെഗുലേഷൻ എന്നത് ഒരു റെഗുലേഷൻ മാത്രമാണ്. ഒരു നിയമനിർമ്മാണസഭ പാസ്സാക്കിയ നിയമത്തിനുമേൽ അതിന് അതിപ്രഭാവം നൽകേണ്ട കാര്യമില്ലെന്നാണ് കാണുന്നത്. റാഗിങ്ങിന്റെ പേരിൽ കലാലയങ്ങളിൽ വർഷങ്ങളായി നടന്നുവരുന്ന പ്രാകൃതമായ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് 1998-ലെ നിയമത്തിൽ ഏതെങ്കിലും തരത്തിലുള്ള കൂട്ടിച്ചേർക്കലുകൾ ആവശ്യമുണ്ടോയെന്നും നിയമത്തിലെ വ്യവസ്ഥകൾ കൂടുതൽ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നതിലേക്കായി വിശദമായ ചട്ടങ്ങൾ

രൂപീകരിക്കേണ്ടതുണ്ടോയെന്നും നിലവിലെ സാഹചര്യത്തിൽ സർക്കാർ വിശദമായി പരിശോധിക്കണമെന്ന് ചെയർ നിർദേശിക്കുന്നു.

## VIII നിയമനിർമ്മാണകാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപവും

i) 2025 - ലെ കേരള ധനകാര്യ ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2025-ലെ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: 2025-ലെ കേരള ധനകാര്യ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: 2025-26-ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ധനകാര്യ നിർദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനായി വിവിധ ആക്ടുകൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിച്ചാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. നികുതി നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമാണ്. അഭിഭാഷക ക്ഷേമനിധി, വെൽഫയർ ക്ഷേമനിധി, ഗുമസ്തൻമാരുടെ ക്ഷേമനിധി എന്നിവ പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്. ടൂറിസം പ്രൊമോഷന്റെ ഭാഗമായി പബ്ലിക് ട്രാൻസ്പോർട്ട് സ്ട്രെങ്ത്തൻ ചെയ്യാനും പ്രൈവറ്റ് ബസ്സുകളുടെ ടാക്സ് 10 ശതമാനം കുറയ്ക്കാനും കോൺട്രാക്ട് കാര്യേജ് ബസ്സുകളിൽ പുഷ്ബാക് സീറ്റുകൾക്ക് ഉയർന്ന ടാക്സ് ചുമത്തിയത് കുറയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് പ്രവേശിക്കുന്ന ബസ്സുകൾ ഓൺലൈനായി ഒരുപ്രാവശ്യം രജിസ്റ്റർ ചെയ്യുന്ന തരത്തിൽ വാഹന പരിശോധന കർശനമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ ബസ്സ് സർവീസില്ലാത്ത റൂട്ടുകളിൽ ചെറിയ ബസ്സുകൾക്ക് ലൈസൻസ് നൽകുന്ന കാര്യം പരിഗണിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട വാഹനങ്ങളുടെ ടാക്സിൽ ഇളവ്

വരുത്തിയിട്ടുണ്ട്. കേരളത്തിലേക്ക് കള്ളക്കടത്ത് ഉൽപന്നങ്ങൾ കൊണ്ടുവരുന്ന വാഹനങ്ങൾ പിടിച്ചെടുക്കാനുള്ള ഭേദഗതിയും 2017-ലെ കേന്ദ്ര ചരക്കുസേവന നികുതി നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതികളും സഹകരണ ബാങ്കുകളുടെ ഗഹാൻ ഫീസ് പരിഷ്കരിക്കാനുള്ള നിർദേശവും ഭൂനികുതിയിലെ കാലോചിതമായ പരിഷ്കാരങ്ങളും ബില്ലിൽ കൊണ്ടുവന്നിട്ടുണ്ട്.

ശ്രീ. എം. എസ്. അരുൺ കുമാർ: 2025-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-06-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: 2025-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീമതി യു. പ്രതിഭ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന് അർഹമായ ധനവിഹിതം കേന്ദ്ര സർക്കാർ നിഷേധിക്കുന്നതാണ് സംസ്ഥാനത്തിന്റെ ധനപ്രതിസന്ധിക്ക് കാരണം. കടമെടുപ്പ് പരിധി വെട്ടിക്കുറച്ചും ഗ്രാന്റുകൾ നിർത്തലാക്കിയും ജി.എസ്.ടി. വിഹിതം നൽകാതെയും കേന്ദ്ര സർക്കാർ സംസ്ഥാനത്തെ

പ്രതിസന്ധിയിലാക്കുമ്പോഴും തനത് വരുമാനം ഉയർത്തിയും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കിയും സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനാണ് സർക്കാർ ശ്രമിക്കുന്നത്. വയനാട് പുനരധിവാസത്തിന് പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോടുള്ള കേന്ദ്ര സർക്കാരിന്റെ നിഷേധാത്മക നിലപാടിനെതിരെ പ്രതിപക്ഷം പ്രതികരിക്കാത്തത് അപമാനകരമാണ്. സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്കുള്ള കേന്ദ്ര വിഹിതം വെട്ടിക്കുറച്ചെങ്കിലും സംസ്ഥാന സർക്കാർ അത് കൃത്യമായി നൽകിവരികയാണ്. സംസ്ഥാനത്തിന് അർഹമായ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനായി കേരളത്തിലെ എം.പി.-മാർ മുൻകൈയെടുക്കാത്തത് അപലപനീയമാണ്. ആഡംബര വിവാഹങ്ങൾക്ക് നികുതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u>: ധനകാര്യ ബില്ലിനെ എതിർക്കുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് റെയിൽ-റോഡ് കണക്റ്റിവിറ്റിക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിക്കാൻ കഴിയാത്തത് സർക്കാരിന്റെ കെടുകാര്യസ്ഥത വ്യക്തമാക്കുന്നതാണ്. അഴീക്കൽ പോർട്ടിന് 500 കോടി രൂപ വകയിരുത്തിയെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ

പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. തിരുവനന്തപുരം മെട്രോ പദ്ധതിയുടെ ഡി.പി.ആർ. പോലും തയ്യാറാക്കാൻ സാധിക്കാത്തത് ഖേദകരമാണ്. കേരളത്തിന്റെ മൊത്തം കടം ജി.എസ്.ഡി.പി.-യുടെ 33.77 ശതമാനമായി വർധിച്ചിരിക്കുന്നത് സംസ്ഥാനത്തിന്റെ അപകടകരമായ ധനസ്ഥിതിയാണ് കാണിക്കുന്നത്. ഇ-പാസ് ഏർപ്പെടുത്തുന്നതിലൂടെ ഒരു പാസ് ഉപയോഗിച്ചുകൊണ്ട് ക്വാറികളിൽനിന്ന് പലതവണ ലോഡ് കൊണ്ടുപോകുന്നത് ഒഴിവാക്കാനും വരുമാനം വർധിപ്പിക്കാനും കഴിയും. ആശാ വർക്കർമാരുടെയും അങ്കണവാടി ജീവനക്കാരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടിയുണ്ടാകണം. ജനങ്ങളുടെമേൽ അമിത നികുതി അടിച്ചേല്പിക്കുന്ന സർക്കാരിന്റെ സമീപനം അപലപനീയമാണ്.

ശ്രീ. പി. ബാലചന്ദ്രൻ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിന് അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന കേന്ദ്ര സർക്കാരിന്റെ സമീപനത്തിനെതിരെ പ്രതിപക്ഷാംഗങ്ങൾ പ്രതികരിക്കാത്തത് ഖേദകരമാണ്. ലഹരി ഉപയോഗത്തിനെതിരെ ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. നൈപുണ്യ വികസനത്തിലധിഷ്ഠിതമായ നവകേരളം പടുത്തുയർത്തുന്നതിനുള്ള നിർദേശങ്ങളാണ് സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. അതിദരിദ്രരില്ലാത്ത

കേരളം എന്ന സർക്കാരിന്റെ ലക്ഷ്യം സാക്ഷാത്കരിച്ചിരിക്കുകയാണ്. സ്മാർട്ട് ഫോണിന്റെ ഉൽപാദനവും ഉപയോഗവും ജനകീയമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെ-ഫോൺ പദ്ധതി കൊണ്ടുവന്നത്. നവ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പശ്ചാത്തലമൊരുക്കുന്ന ബജറ്റാണിത്.

ശ്രീ. കെ. പി. എ. മജീദ്: ധനകാര്യ ബില്ലിനെ എതിർക്കുന്നു. പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്ന കേന്ദ്ര നടപടി പ്രതിഷേധാർഹമാണ്. തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. വയോജനങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ കാര്യക്ഷമമാക്കണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുമ്പോഴും കേരള മോഡൽ വികസനം സാധ്യമാക്കുന്ന മികച്ച ധനകാര്യ മാനേജ്മെന്റാണ് ധനകാര്യ വകുപ്പ് കാഴ്ചവയ്ക്കുന്നത്. ജനങ്ങളുടെമേൽ അധിക നികുതി ഭാരം അടിച്ചേല്പിക്കാതെയാണ് ഈ ധനകാര്യ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും തനത് നികുതി വരുമാനത്തിൽ വർധനവുണ്ടാക്കാനായത് പ്രശംസനീയമാണ്. പുഷ് ബാക്ക്-നോൺ

പുഷ്ബാക്ക് സീറ്റുകളുള്ള വാഹനങ്ങൾക്ക് നികുതി ഏകീകരിച്ചതിലൂടെ നികുതി വരുമാനം വർധിപ്പിക്കാനാകും.

ശ്രീ. ടി. ഐ. മധുസൂദനൻ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്ര നിലപാടിനെതിരെ പ്രതികരിക്കുന്നതിനും കേരളത്തിന്റെ വികസനലക്ഷ്യം നേടിയെടുക്കുന്നതിനും ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ യോജിച്ച് പ്രവർത്തിക്കണം. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും ഉയർന്ന പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനമായി കേരളം മാറിയത് അഭിമാനകരമാണ്.

ശ്രീ. എം. എസ്. അരുൺ കുമാർ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കേന്ദ്ര വിഹിതം വെട്ടിക്കുറച്ചിട്ടും സാമ്പത്തിക അച്ചടക്കം പാലിച്ച് സുസ്ഥിര വികസനം സാധ്യമാക്കുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. വ്യവസായ നിക്ഷേപ സൗഹൃദ റാങ്കിങ്ങിൽ കേരളം ഒന്നാം സ്ഥാനം കരസ്ഥമാക്കിയതിനെ വിമർശിക്കുന്ന പ്രതിപക്ഷ നിലപാട് ഖേദകരമാണ്. നൈപുണ്യ വികസന പദ്ധതികളിലൂടെ വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് പഠിക്കാനും തൊഴിൽ ചെയ്യാനുമുള്ള സംവിധാനം സംസ്ഥാനത്തുണ്ടാകണം. 2024-ലെ ജനറൽ ആംനസ്റ്റി സ്കീം മൂന്ന്

മാസത്തേക്കുകൂടി നീട്ടിനൽകുന്നതിന് നടപടി സ്വീകരിക്കണം. കോമൺ പൂൾ സംവിധാനം നടപ്പാക്കി ലോട്ടറി ടിക്കറ്റിന്റെ ക്ഷാമം പരിഹരിക്കണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ധനകാര്യ ബില്ലിനെ എതിർക്കുന്നു. കേരളത്തിൽ ലഹരിയുടെ ഉപയോഗം വർധിച്ചുവരികയാണ്. നിരോധിക്കപ്പെട്ട ലഹരി ഉൽപന്നങ്ങളുടെ ശേഖരമുണ്ടോയെന്ന് കടകളിൽ പരിശോധന നടത്തണം. ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ എന്നിവരുടെ ഓണറേറിയത്തിന്റെ കുടിശ്ശിക, പെൻഷൻ കുടിശ്ശിക എന്നിവയുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കണം. പെട്രോൾ, ഡീസൽ നികുതി കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പി. മമ്മിക്കുട്ടി: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ അധികവിഭവ സമാഹരണത്തിന് 366 കോടി രൂപയാണ് നിർദേശിച്ചിട്ടുള്ളത്. ജനങ്ങളെ ബാധിക്കാത്ത തരത്തിൽ കോടതിച്ചെലവ്, വാഹനനികുതി എന്നീ ഇനങ്ങളിൽ ചെറിയതോതിൽ നികുതി വർധിപ്പിക്കുന്നതിനുള്ള നിർദേശമാണ് ബില്ലിലുൾപ്പെടുത്തിയിട്ടുള്ളത്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനമാണ് കേരളം. അവയവമാറ്റ ശസ്ത്രക്രിയകൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നടക്കുന്നുവെന്നത് അഭിമാനാർഹമാണ്. കേന്ദ്ര നികുതിയിനത്തിലും ഗ്രാന്റിലും കേന്ദ്രാവിഷ്കൃത പദ്ധതിയിലും ലഭിക്കേണ്ട വിഹിതത്തിൽ കുറവ് വരുത്തിയിട്ടും തനത്

നികുതിവരുമാനം വർധിപ്പിച്ചും ധൂർത്തും അഴിമതിയും ഇല്ലാതാക്കിയുമാണ് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നിരവധി വികസന പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. വികസനപ്രവർത്തനങ്ങളിൽ കേരളം മുന്നിലാണെന്ന ലോകരാജ്യങ്ങളുടെ സർവെ റിപ്പോർട്ടുകൾ അംഗീകരിക്കാൻ കഴിയാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

<u>ശ്രീ. കെ. ആൻസലൻ:</u> ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ക്ഷേമ പെൻഷൻ വർധന, ലൈഫ് മിഷൻ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, കെ-ഫോൺ, വിഴിഞ്ഞം തുറമുഖ പൂർത്തീകരണം തുടങ്ങിയവ വിപ്ലവകരമായ നേട്ടങ്ങളാണ്. സംസ്ഥാനത്തോടുള്ള കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധം അപലപനീയമാണ്.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ:</u> ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധത്തെ മറികടക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. വയനാട് ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിന് ബജറ്റിൽ പണം വകയിരുത്താത്ത കേന്ദ്ര സർക്കാർ നിലപാട് അപലപനീയമാണ്. ലഹരി ഉപയോഗം ഇല്ലാതാക്കാൻ ശക്തമായ നിയമനിർമ്മാണം നടത്തണം.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സാധാരണക്കാരുടെമേൽ അധികഭാരം അടിച്ചേല്പിക്കാത്ത നികുതി നിർദേശങ്ങളടങ്ങിയ ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി മൂന്ന് ശതമാനമായി വെട്ടിക്കുറയ്ക്കുകയും അർഹതപ്പെട്ട ഫണ്ടുകളിൽ കുറവ് വരുത്തുകയും ചെയ്ത കേന്ദ്ര സർക്കാർ നടപടി പ്രതിഷേധാർഹമാണ്. ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ നികുതി വെട്ടിപ്പും വ്യാജ ബില്ലുകൾ ഉപയോഗിച്ചുള്ള ITC fraud കേസുകളും കണ്ടെത്താനായത് അഭിനന്ദനാർഹമാണ്. ആംനെസ്റ്റി സ്കീം നടപ്പാക്കിയതിലൂടെ ചെറുകിട വ്യാപാരികളുടെ ജി.എസ്.ടി. കുടിശ്ശിക എഴുതിത്തള്ളുന്നതിന് തീരുമാനമെടുത്ത സർക്കാരാണിത്. തനത് വരുമാനം വർധിപ്പിച്ചും സാമ്പത്തിക പ്രതിസന്ധികളെ അതിജീവിച്ചും സമസ്ത മേഖലകളിലും വികസന പ്രവർത്തനങ്ങൾ നടത്തി കേരളം മുന്നേറുകയാണ്. ആശാ വർക്കർമാർക്ക് ഏറ്റവും ഉയർന്ന ഓണറേറിയം നൽകുന്ന സംസ്ഥാനമാണ് കേരളം.

ശ്രീ. യു. എ. ലത്തീഫ്: ധനകാര്യബില്ലിനെ എതിർക്കുന്നു. സർക്കാരിന്റെ ധനകാര്യ മിസ്മാനേജ്മെന്റ് കാരണം സാധാരണക്കാരായ ജനങ്ങളുടെ ജീവിതം ദുരിതത്തിലായിരിക്കുകയാണ്. ശമ്പളം, പെൻഷൻ, പലിശ എന്നിവമാത്രം ഉറപ്പുവരുത്തുന്നതും ഇതിനായി മൊത്തം വരുമാനത്തിന്റെ 67.27% ചെലവഴിക്കുന്നതും ആശാസ്യമല്ല. സാമ്പത്തിക പ്രതിസന്ധി കാരണം വികസന പ്രവർത്തനങ്ങൾ നിശ്ചലമാകുകയും ചികിത്സാ ആനുകൂല്യങ്ങളും ക്ഷേമ പെൻഷനുകളും മുടങ്ങുകയും സമസ്ത മേഖലകളിലും പ്രതിസന്ധി നിലനിൽക്കുകയുമാണ്.

ശ്രീ. ഇ. കെ. വിജയൻ: ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ ആഭ്യന്തരോൽപാദനവും തനതുവരുമാനവും വർധിപ്പിക്കാനും ധനകമ്മിയും റവന്യൂ കമ്മിയും കുറയ്ക്കാനും കഴിഞ്ഞിട്ടുണ്ട്. കോടതി വ്യവഹാരങ്ങൾക്കുള്ള ഫീസ് കാലാനുസൃതമായി പരിഷ്കരിക്കാനും ടൂറിസം പ്രൊമോഷന്റെ ഭാഗമായി പബ്ലിക് ട്രാൻസ്പോർട്ട് സ്ട്രെങ്ത്തൻ ചെയ്യാനും സ്വകാര്യ ബസ്സുകളുടെ ടാക്സിൽ പത്ത് ശതമാനം കുറവുവരുത്താനും നികുതി വെട്ടിച്ച് കള്ളക്കടത്ത് ഉൽപന്നങ്ങൾ കൊണ്ടുവരുന്ന വാഹനങ്ങൾ കണ്ടുകെട്ടാനുമുള്ള നിർദേശങ്ങൾ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സ്വാഗതാർഹമാണ്. മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കാനായതും ദേശീയ

പാതാ വികസനം ഉൾപ്പെടെയുള്ള പദ്ധതികൾ യാഥാർഥ്യമാക്കിയതും അതിദരിദ്രരില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുമെന്ന് പ്രഖ്യാപിച്ചതും അഭിമാനാർഹമാണ്.

ശ്രീ. കെ. ബാബു (നെന്മാറ): ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധങ്ങൾക്കിടയിലും വികസന-ക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരാണിത്. തനത് നികുതിയും നികുതിയേതര വരുമാനവും വർധിപ്പിക്കാനും റവന്യൂ കമ്മിയും ധനകമ്മിയും കുറയ്ക്കാനും റവന്യൂ, മൂലധന ചെലവുകൾ വർധിപ്പിക്കാനും കഴിഞ്ഞത് കേരളത്തിന്റെ സാമ്പത്തിക കുതിപ്പ് വ്യക്തമാക്കുന്നതാണ്. കോടതികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും ക്ഷേമനിധികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമാണ് കോടതി വ്യവഹാരങ്ങൾക്ക് ഈടാക്കുന്ന ഫീസിൽ നാമമാത്രമായ വർധന വരുത്തിയിട്ടുള്ളത്. ടൂറിസം പ്രൊമോഷന്റെ ഭാഗമായി പബ്ലിക് ട്രാൻസ്പോർട്ട് ശക്തിപ്പെടുത്താനും സ്വകാര്യ ബസ്സുകളുടെ ടാക്സ് പത്ത് ശതമാനം കുറയ്ക്കാനും തീരുമാനിച്ചത് സ്വാഗതാർഹമാണ്. അർഹതപ്പെട്ട നികുതി വിഹിതം നിഷേധിച്ചും വായ്പാ പരിധി വെട്ടിക്കുറച്ചും വിഭവസ്രോതസ്സുകൾ

കവർന്നെടുത്തും സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്ര നിലപാട് അപലപനീയമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: ധനകാര്യബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തെ സമസ്തമേഖലകളിലെയും വികസനമുരടിപ്പ് സർക്കാരിന്റെ കെടുകാര്യസ്ഥതയാണ് വെളിവാക്കുന്നത്. വിഴിഞ്ഞം പദ്ധതിയുടെ പ്രാരംഭ നടപടികൾ പൂർത്തിയാക്കിയത് ഉമ്മൻചാണ്ടി സർക്കാരാണ്. അർഹതപ്പെട്ട കേന്ദ്ര വിഹിതം നേടിയെടുക്കുന്നതിനുള്ള പോരാട്ടത്തിൽ പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടാകും. ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന കോടതി വ്യവഹാരത്തിനുള്ള ഫീസ് വർധന പുനഃപരിശോധിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വളരെ കുറഞ്ഞ നികുതി നിർദേശങ്ങൾ മാത്രമുള്ള ഒരു ബില്ലാണിത്. കേരളത്തിൽ വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന പ്രതിപക്ഷ ആരോപണം വസ്തുതാവിരുദ്ധമാണ്. സമസ്തമേഖലകളിലും വികസനം കൈവരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. റെയിൽവേയുമായി ബന്ധപ്പെട്ട് 2,000 കോടി രൂപയുടെ പ്രോജക്ടിന് ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ പദ്ധതി 2028-ൽ പൂർത്തീകരിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്. നാഷണൽ

ഹൈവേകളുടെയും മറ്റ് റോഡുകളുടെയും നിർമ്മാണ പ്രവൃത്തികൾ ത്വരിതഗതിയിൽ നടക്കുകയാണ്. ആശുപത്രികളിലും സ്കൂളുകളിലും മാതൃകാപരമായ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ മെട്രോ റെയിൽ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണ്. കേരളത്തിന് പുറത്തുള്ളവർക്കും പഠനത്തിനും ജോലിക്കുമായി ഇവിടെയെത്താൻ സാധിക്കുന്ന തരത്തിലുള്ള അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിട്ട് ആരോഗ്യം, വിദ്യാഭ്യാസം, ടൂറിസം, കെയർ ഇക്കോണമി തുടങ്ങിയവയ്ക്ക് മുൻഗണന നൽകുന്നതിനാണ് ശ്രമിക്കുന്നത്. എല്ലാവർക്കും വീട് എന്ന ലക്ഷ്യം ലൈഫ് മിഷനിലൂടെ പൂർത്തീകരിക്കാൻ പോകുകയാണ്. 5 ലക്ഷം രൂപയുടെ ചികിത്സാ സഹായ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ജുഡീഷ്യൽ ഓഫീസർമാർ അടങ്ങുന്ന കമ്മിറ്റിയുടെ നിർദേശമനുസരിച്ചാണ് കോടതി വ്യവഹാരത്തിനുള്ള ഫീസ് വർധിപ്പിക്കാൻ തീരുമാനിച്ചത്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം വർധിപ്പിച്ചുകൊണ്ടുവരാനും റവന്യൂ/ധന കമ്മി കുറച്ചുകൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതം ഓരോ വർഷവും കുറഞ്ഞുവരികയാണ്. സംസ്ഥാനത്ത് അനുഭവപ്പെടുന്ന കുറഞ്ഞ വിലയ്ക്കുള്ള മുദ്രപ്പത്രങ്ങളുടെ ക്ഷാമം

പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ജനറൽ പർപ്പസ് ഫണ്ട് ഈ മാസം നൽകുന്നതാണ്. മെയിന്റനൻസ് ഗ്രാന്റും ഡെവലപ്മെന്റ് ഫണ്ടും യഥാസമയം നൽകാൻ സാധിച്ചിട്ടുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2025-ലെ കേരള ധനകാര്യ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

ii) 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. വി. അബ്ദുറഹിമാൻ: 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. വി. അബ്ദുറഹിമാൻ: കായിക ശാരീരികക്ഷമതാ പ്രവർത്തനങ്ങൾ ഓരോ പൗരന്റെയും അവകാശമാക്കുക എന്നതാണ് കായിക നയത്തിന്റെ പ്രധാന നിർദേശം. എല്ലാവർക്കും സ്പോർട്സ്, കായികരംഗത്തെ മികവ് എന്നീ അടിസ്ഥാന നിലപാടുകളിലാണ് നയം വികസിപ്പിച്ചിട്ടുള്ളത്. ആധുനിക ലോകത്ത് സ്പോർട്സിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. കായികരംഗത്തെ നവീന ആശയങ്ങൾ നടപ്പാക്കാനും കായിക പ്രചാരണം ശക്തമാക്കാനും ലക്ഷ്യമിട്ടാണ് പുതിയ ഭേദഗതി കൊണ്ടുവരുന്നത്. കായികരംഗത്തെ സ്വയംപര്യാപ്തമാക്കുന്ന നവീന ആശയങ്ങൾ നടപ്പാക്കുക, കായിക സമ്പദ്ഘടനയുടെ വളർച്ച പ്രോത്സാഹിപ്പിക്കുക, വിദ്യാഭ്യാസതല കായിക വികസനത്തിന് പ്രാധാന്യം നൽകുക, എലൈറ്റ് സ്പോർട്സ് പരിശീലനം ഗൗരവമായി പരിഗണിക്കുക,

കായികരംഗത്ത് വികേന്ദ്രീകൃത സമീപനം ശക്തമാക്കുക, കായികഭരണത്തിൽ ഏകോപനം കൊണ്ടുവരിക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഭേദഗതിക്ക് രൂപം നൽകിയിട്ടുള്ളത്. സ്പോർട്സ് കൗൺസിലിന് കൂടുതൽ അധികാരങ്ങളും അവകാശങ്ങളും അനുവദിക്കാൻ കഴിയുന്ന ഭേദഗതികളും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കായിക പരിശീലന രംഗത്ത് ഫലപ്രദമായ മാറ്റങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. കായിക ഉപകരണങ്ങളുടെ നിർമ്മാണ-വിതരണ മേഖലകളിൽ പങ്കാളിത്ത സ്വഭാവം കൊണ്ടുവരുന്നതാണ്. കായികമേളകൾ, അക്കാദമികൾ എന്നിവിടങ്ങളിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കാനും കായിക നിർമ്മിതികളുടെ ചട്ടക്കൂട് നിർമ്മിക്കുന്നതിന് സ്പോർട്സ് കേരള ഫൗണ്ടേഷന് കൂടുതൽ അധികാരങ്ങളും ചുമതലകളും നൽകുന്നതിനുമുള്ള ഭേദഗതികളും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്കൂൾ-കോളേജ് വിദ്യാർഥികളെ കളിക്കളങ്ങളിലേക്ക് എത്തിക്കുക എന്നത് പരമപ്രധാനമാണ്. കായികരംഗത്ത് നവീന ശാസ്ത്ര സാങ്കേതികവിദ്യകൾ അനായാസേന ലഭ്യമാക്കേണ്ടതുണ്ട്. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറിയും കായിക ഡയറക്ടേറ്റിന്റെ ഡയറക്ടറും ഒരാളായിരിക്കണമെന്നും സംസ്ഥാന സ്പോർട്സ് കൗൺസിൽ/ജില്ലാ

സ്പോർട്സ് കൗൺസിൽ അംഗങ്ങളുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുമെന്നും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സമഗ്ര കായികനയം കേരളത്തിന്റെ കായിക മേഖലയ്ക്ക് ഉയർച്ചയുണ്ടാക്കുമെന്നുള്ള പ്രതീക്ഷയാണുള്ളത്.

ശ്രീ. മാത്യു ടി. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. പി. മോഹനൻ: 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-03-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. എല്ലാവർക്കും സ്പോർട്സ് എന്ന ആശയം കേരളത്തിലെ യുവാക്കൾക്കും കായികപ്രേമികൾക്കും ആവേശം നൽകുന്നതാണ്. അന്താരാഷ്ട്രതലത്തിൽ കായിക മികവ് കൈവരിക്കുക, അഴിമതിമുക്തവും സുശക്തവുമായ കായികമേഖല സൃഷ്ടിക്കുക, ശക്തമായ കായികവിനോദ വ്യവസായം രൂപപ്പെടുത്തുക, കായിക സാക്ഷരതാ നിലവാരമുള്ള കായിക സംസ്കാരം രൂപപ്പെടുത്തുക, പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയ പരിശീലന സൗകര്യങ്ങളേർപ്പെടുത്തുക തുടങ്ങിയവയാണ് കായിക നയത്തിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. കായികപ്രതിഭകളെ കണ്ടെത്തുന്നതിന് പുതിയ ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ രൂപീകരിക്കുന്നതിനും കഴിവുകൾ

പരിപോഷിപ്പിക്കുന്നതിന് കൂടുതൽ കായിക അക്കാദമികൾ, മികവിന്റെ കേന്ദ്രങ്ങൾ, ഹൈ പെർഫോർമൻസ് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നിർദേശങ്ങൾ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കായികമേഖലയിലൂടെ ലഹരിക്കെതിരെ ശക്തമായ ക്യാമ്പയിൻ നടത്താൻ സാധിക്കും എന്നുള്ളത് ശ്രദ്ധേയമാണ്. ആയോധനകലയായ കളരിപ്പയറ്റ് വ്യാപിപ്പിക്കുന്നതിനോടൊപ്പം ദേശീയ ഗെയിംസിൽ കളരിപ്പയറ്റിനെ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. കൂത്തുപറമ്പിൽ കായികപ്രേമികളുടെ നേതൃത്വത്തിൽ ആരംഭിച്ച 'ഇൻസൈറ്റ്' എന്ന കായികപരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. ഓരോ പഞ്ചായത്തിലും ഒരു ആയോധനകല പഠിപ്പിക്കാനുള്ള കളരിസ്ഥലം നിർമ്മിക്കാനും സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് നൽകാനും ഒരു വിദ്യാലയത്തിന് ഒരു കളിസ്ഥലം അനുവദിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. റോജി എം. ജോൺ: 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കുക എന്നത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ആരോഗ്യമേഖലയ്ക്കായി കൂടുതൽ തുക ചെലവഴിക്കുകയും ആരോഗ്യമുള്ള സമൂഹത്തെ സൃഷിക്കുന്നതിന്

സഹായിക്കുന്ന കായികമേഖലയെ തള്ളിക്കളയുകയും ചെയ്യുന്നത് നിർഭാഗ്യകരമാണ്. കായികസംസ്കാരം വളർത്തിയെടുക്കുന്നതിലൂടെ യുവജനങ്ങളിലെ ആരോഗ്യപ്രശ്നങ്ങൾക്കും ലഹരിയുടെ വ്യാപനത്തിനും പരിഹാരം കാണാൻ സാധിക്കുമെന്നുള്ളത് വസ്തുതയാണ്. എം.എൽ.എ. ഫണ്ടുപയോഗിച്ച് മണ്ഡലങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും സ്കൂളുകളിൽ സ്പോർട്സ് കിറ്റുകൾ നൽകുന്നത് പ്രോത്സാഹിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കണം. ദേശീയ ഗെയിംസിൽ കേരളം 14-ാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടത് അപമാനകരമാണ്. സ്പോർട്സ് ഹോസ്റ്റലുകളുടെ അവസ്ഥ ദയനീയവും പലതും അടച്ചുപൂട്ടലിന്റെ വക്കിലുമാണ്. മെഡൽ നേടുന്ന കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകാത്തത് ഖേദകരമാണ്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): അർഹതപ്പെട്ട കായികതാരങ്ങൾക്ക് ഈ സർക്കാരിന്റെ കാലഘട്ടത്തിൽ തൊഴിൽ നിഷേധിച്ചിട്ടില്ല. തുക അനുവദിക്കാത്തതിന്റെ പേരിൽ സ്പോർട്സ് ഹോസ്റ്റലുകളൊന്നും അടച്ചുപൂട്ടിയിട്ടില്ല. എം.എൽ.എ. ഫണ്ട് ഉപയോഗപ്പെടുത്തി

വിദ്യാലയങ്ങളിൽ സ്പോർട്സ് കിറ്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിക്ക് കായിക വകുപ്പ് അനുവദിക്കുന്ന 50 ലക്ഷം രൂപ ഉപയോഗിച്ച് പഞ്ചായത്തുകൾക്ക് സ്ഥലം വാങ്ങാൻ കഴിയുമോയെന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. ദേശീയ ഗെയിംസിൽ ഉൾപ്പെടുന്ന കായിക ഇനങ്ങൾക്ക് പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനാവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. കായിക മേഖലയിലെ അഴിമതി ഇല്ലാതാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കളരിപ്പയറ്റ്, കരാട്ടെ ഉൾപ്പെടെയുള്ള അഞ്ച് കായിക ഇനങ്ങൾ പരിശീലിപ്പിക്കാനുള്ള കേന്ദ്രം ആരംഭിക്കും. കായിക ക്ഷമതാ മിഷനുവേണ്ടി 34 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 820 പഞ്ചായത്തുകളിൽ പഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. ദേശീയ ഗെയിംസിൽ കേരളം പങ്കെടുത്ത 19 ഇനങ്ങളിലും മെഡൽ നേടാൻ കഴിഞ്ഞിട്ടുണ്ട്. ജലസേചന വകുപ്പിന്റെ കീഴിലുള്ള സ്ഥലങ്ങളിൽ കളിക്കളങ്ങൾ നിർമ്മിക്കാൻ അനുമതി നൽകാൻ തയ്യാറാണെന്ന് വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. 72 സ്കൂൾ ഗ്രൗണ്ടുകളിൽ നിർമ്മിച്ച കളിക്കളങ്ങൾ സ്കൂൾ പ്രവൃത്തി ദിവസങ്ങളല്ലാത്ത സമയത്ത് പൊതുജനങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. തദ്ദേശ

നിയോജകമണ്ഡലത്തിലെ കളിക്കളങ്ങളിൽ പൊതുജനങ്ങൾ കായിക പരിശീലനം നടത്തുന്ന രീതി കമ്മ്യൂണിറ്റി സ്പോർട്സ് ആയി ഏറ്റെടുത്ത് മണ്ഡലാടിസ്ഥാനത്തിൽ നടപ്പാക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

iii) <u>2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

<u>ഡോ. ആർ. ബിന്ദു</u>: 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഡോ. ആർ. ബിന്ദു: 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ്, 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ആക്റ്റ്, 2015-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് എന്നിവയിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ ഉദ്ദേശിച്ചുകൊണ്ടാണ് 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണങ്ങളുടെ ഗതിവേഗം വർധിപ്പിക്കുക, പൊതു സർവകലാശാലകളുടെ ശാക്തീകരണം ഉറപ്പാക്കുക, ഈസ് ഓഫ് ഡൂയിങ് എഡ്യൂക്കേഷൻ എന്നീ ഉദ്ദേശ്യങ്ങളോടെയാണ് സർവകലാശാല നിയമങ്ങളിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. കാലഹരണപ്പെട്ട പല നിയമങ്ങളും പുതിയ കാലത്തെ വിദ്യാഭ്യാസ സമീപനങ്ങൾക്ക് നിരക്കാത്തതായതിനാൽ പല തടസ്സങ്ങളും സൃഷ്ടിക്കപ്പെടുന്നുണ്ട്. കാലാനുസൃതമായ ശാസ്ത്ര-ഗവേഷണ പദ്ധതികളിലേക്ക് തിരിയാൻ ഉതകുംവിധം സർവകലാശാല നിയമങ്ങൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. ചാൻസലറുടെ അഭാവത്തിൽ പ്രോ-ചാൻസലർ ചുമതലകൾ

വഹിക്കുന്നത് സംബന്ധിച്ച് ബില്ലിൽ വ്യക്തത വരുത്തിയിട്ടുണ്ട്. വിദ്യാർഥികളുടെ ബിരുദ സർട്ടിഫിക്കറ്റ് നൽകാനുള്ള അനുമതി സിൻഡിക്കേറ്റിലേക്ക് മാറ്റാനും പ്രാതിനിധ്യ സ്വഭാവത്തിൽ മാറ്റം വരുത്താതെ നിലവിലുള്ള സിൻഡിക്കേറ്റ് അംഗങ്ങളുടെ എണ്ണം കുറയ്ക്കാനും നിർദേശിച്ചിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല എന്നിവിടങ്ങളിലെ അധ്യാപക-വിദ്യാർഥി പ്രതിനിധികളുടെ തിരഞ്ഞെടുപ്പ് 'സെനറ്റിൽനിന്നുള്ള തിരഞ്ഞെടുപ്പ് എന്നാക്കി മാറ്റുകയും ഗവേഷണ മേഖലയിൽ ഒരു ഗവേഷണ കൗൺസിൽ രൂപീകരിക്കാനുള്ള നിർദേശം ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർഥികളുടെ അവകാശങ്ങളും അധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച വകുപ്പുകൾ കൂട്ടിച്ചേർത്തിട്ടുണ്ട്. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, കോളേജ് കൗൺസിൽ, റിസർച്ച് പാർക്ക്, കോൺസ്റ്റിറ്റ്യുവന്റ് കോളേജ് ആരംഭിക്കൽ എന്നിവ നിയമത്തിന്റെ വ്യവസ്ഥാപിത സംവിധാനങ്ങളാക്കി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. കേരള ബാങ്ക്, മറ്റ് ദേശസാൽകൃത ബാങ്കുകൾ എന്നിവയെയും സർവകലാശാലകളുടെ സാമ്പത്തിക ഇടപാടുകൾക്കുവേണ്ടി ഉപയോഗിക്കാമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീമതി ദെലീമ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. എം. സച്ചിൻദേവ്: 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-05-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വൈസ് ചാൻസലർ ഉൾപ്പെടെയുള്ള ഉന്നത പദവികളിൽ പ്രഗത്ഭരായവരെ നിയോഗിച്ചുകൊണ്ട് സർവകലാശാലകളുടെ ജനാധിപത്യപരമായ സ്വഭാവവും നിഷ്പക്ഷതയും അക്കാദമിക മികവും നിലനിർത്തുന്ന വിധത്തിലുള്ള മാറ്റങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്. കാലത്തിനനുയോജ്യമായ കോഴ്സുകൾ ആരംഭിക്കാനും യു.ജി., പി.ജി. കോഴ്സുകൾക്കുൾപ്പെടെ സീറ്റുകൾ വർധിപ്പിക്കാനും സാധിച്ചത് അഭിനന്ദനാർഹമാണ്. യു.ജി.സി. മാർഗരേഖകളിലും മാനദണ്ഡങ്ങളിലും മാറ്റം വരുത്തിക്കൊണ്ട് സംസ്ഥാന സർവകലാശാലകളുടെ അധികാരങ്ങളും അവകാശങ്ങളും കേന്ദ്ര സർക്കാർ കവർന്നെടുക്കുന്ന സമീപനം ഖേദകരമാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഉന്നത വിദ്യാഭ്യാസ മേഖലയിൽ 6000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്. വൈസ് ചാൻസലർമാരുടെ ഉത്തരവാദിത്തങ്ങളെ സംബന്ധിച്ച് ബില്ലിൽ പ്രതിപാദിക്കുന്നുണ്ട്. ഈ ബില്ലിലെ വ്യവസ്ഥകൾ

സർവകലാശാലകളുടെ സംരക്ഷണത്തിനും നിലനില്പിനും അനിവാര്യമാണെന്ന കാര്യത്തിൽ തർക്കമില്ല.

ശ്രീ. അൻവർ സാദത്ത് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. പി. അനിൽ കുമാർ: 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ഭേദഗതി ബില്ലിലൂടെ പ്രോ-വൈസ് ചാൻസലർമാർക്ക് കൂടുതൽ അധികാരങ്ങൾ നൽകിയിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വകുപ്പുമന്ത്രിക്ക് കൂടുതൽ അധികാരം ലഭ്യമാക്കണമെന്നുള്ളതാണ് ഭേദഗതി ബില്ലിലൂടെ ലക്ഷ്യംവയ്ക്കുന്നത്. പല കോഴ്സുകളിലും വിദ്യാർത്ഥികൾ കുറയുന്ന സാഹചര്യത്തിൽ സർവകലാശാലകളെ ശാക്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സർവകലാശാലയുടെ അധികാരങ്ങൾ കവർന്നെടുക്കുന്നത് ഗുണകരമല്ല. ഈ ബിൽ പ്രാബല്യത്തിൽ വരുന്നത് സർവകലാശാലകളുടെ തകർച്ചയ്ക്ക് കാരണമാകും.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): വൈജ്ഞാനിക മേഖലകളിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച്

സർവകലാശാല നിയമങ്ങളും മാറേണ്ടതുണ്ട്. വൈസ് ചാൻസലറുടെ ശിപാർശയിന്മേൽ സിൻഡിക്കേറ്റ് പ്രോ-വൈസ് ചാൻസലറെ നിയമിക്കേണ്ടതാണ് എന്ന് യു.ജി.സി. റെഗുലേഷനിൽ പരാമർശിക്കുന്നുണ്ട്. യു.ജി.സി. റെഗുലേഷനനുസരിച്ചുള്ള ഭേദഗതിയാണ് ബില്ലിൽ വരുത്തിയിട്ടുള്ളത്. നിലവിലുള്ളതിൽനിന്നും കൂടുതലായ യാതൊരു അധികാരവും ഈ ബില്ലിന്റെ ഭാഗമായി പ്രോ-വൈസ് ചാൻസലർക്ക് ഉണ്ടാകുന്നതല്ല. നിലവിൽ പല ചുമതലകളുടെയും അപ്പോയിന്റിംഗ് അതോറിറ്റി സിൻഡിക്കേറ്റുകളാണ്. സർവകലാശാല തിരഞ്ഞെടുപ്പുകളുടെ വരണാധികാരി രജിസ്ട്രാർ ആണ്. വൈസ് ചാൻസലറുടെ അവകാശങ്ങളിൽ ഭേദഗതി വരുത്തിയിട്ടില്ല. ഏതെങ്കിലും സമിതികളുടെ തീരുമാനം മുൻകൂറായി പ്രതീക്ഷിച്ചുകൊണ്ട് വൈസ് ചാൻസലർ എടുക്കുന്ന തീരുമാനങ്ങൾക്ക് രേഖാമൂലമുള്ള അറിയിപ്പ് ബന്ധപ്പെട്ട ബോഡികൾക്ക് നൽകണമെന്നും ഇതുസംബന്ധിച്ച് ബോഡികളും വൈസ് ചാൻസലറും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകുന്നുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള സംവിധാനം ഉണ്ടാകണമെന്നുമുള്ള ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. സർവകലാശാലകളുടെ ഓട്ടോണമിയെ ശക്തിപ്പെടുത്താനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. സർവകലാശാലകൾ ദേശീയ-അന്തർദേശീയ

നിലവാരത്തിൽ മികവാർന്ന പ്രകടനമാണ് കാഴ്ചവയ്ക്കുന്നത്. സർക്കാർ കോളേജുകളിൽ എൻറോൾമെന്റ് കുറഞ്ഞുവരുന്നുവെന്ന വാദം വസ്തുതാവിരുദ്ധമാണ്. NAAC അക്രഡിറ്റേഷൻ ഗ്രേഡിങ്ങിലും NIRF റാങ്കിങ്ങിലും സംസ്ഥാനത്തെ പൊതുസർവകലാശാലകൾക്ക് മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. പൊതു സർവകലാശാലകളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. 2025-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2025-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(2) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും</u>

<u>2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

<u>ഓർഡിനൻസ് കാലഹരണപ്പെട്ടത് സംബന്ധിച്ച്</u>

<u>ശ്രീ. അൻവർ സാദത്ത്</u>: ഓർഡിനൻസിന് പകരമുള്ള ബിൽ നിയമസഭാ സമ്മേളനം ആരംഭിച്ച തീയതി മുതൽ ആറാഴ്ചയ്ക്കുള്ളിൽ സഭ അംഗീകരിക്കണമെന്നാണ് ഭരണഘടന വ്യവസ്ഥ ചെയ്യുന്നത്. 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസിനുപകരമുള്ള ബിൽ ഫെബ്രുവരി 27-ാം തീയതിക്കകം നിയമസഭ പാസ്സാക്കി ഗവർണ്ണറുടെ അംഗീകാരം വാങ്ങാത്തതിനാൽ കാലഹരണപ്പെട്ടിരിക്കുകയാണ്. 20

ദിവസം മുമ്പ് കാലഹരണപ്പെട്ട ഓർഡിനൻസ് പ്രകാരമുള്ള ബിൽ ഇപ്പോൾ പരിഗണനയ്ക്കെടുക്കുന്നത് ക്രമപ്രകാരമല്ല.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2025 ഫെബ്രുവരി 13-ന് സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസംതന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും സബ്ജക്ട് കമ്മിറ്റി പരിഗണിച്ച് ഭേദഗതി ചെയ്തശേഷമുള്ള 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബില്ലാണ് ഇപ്പോൾ സഭയുടെ പരിഗണനയ്ക്ക് വന്നിരിക്കുന്നത്. സഭ സമ്മേളിക്കുന്ന തീയതി മുതൽ ആറാഴ്ച അവസാനിക്കുമ്പോൾ ഓർഡിനൻസ് പ്രവർത്തനരഹിതമാകുമെന്നാണ് ഭരണഘടനയിൽ വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ സഭയിൽ അവതരിപ്പിച്ച ബില്ലിലുൾപ്പെട്ട നിയമനിർമ്മാണ പ്രൊപ്പോസലുകൾ നിലനിർത്തുന്നതിനും അവയ്ക്ക് നിയമപ്രാബല്യവും തുടർച്ചയും നൽകി പാസ്സാക്കിയെടുക്കുന്നതിനുമായി ഓർഡിനൻസ് പ്രാബല്യമില്ലാതായ കാലയളവിലേക്കുകൂടി നിയമ വ്യവസ്ഥ ബാധകമാകുന്ന തരത്തിൽ ഒരു സാധൂകരണ വ്യവസ്ഥ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബില്ലിൽ ഔദ്യോഗിക ഭേദഗതിയായി ഉൾപ്പെടുത്തി നിയമം കൊണ്ടുവരുന്നതാണ്. സഭയുടെ പരിഗണനയിലിരിക്കുന്ന ഒരു ബിൽ, ഓർഡിനൻസ്

ലാപ്സായിയെന്നതുകൊണ്ടുമാത്രം അസാധുവാകുന്നതല്ല. ഇതുമായി ബന്ധപ്പെട്ട് നിരവധി കീഴ്വഴക്കങ്ങളും റൂളിങ്ങുകളുമുണ്ട്. അതുകൊണ്ട് ഈ ക്രമപ്രശ്നം നിലനിൽക്കാത്തവിധം ബിൽ അവതരണത്തിന് അനുമതി നൽകണമെന്ന് അഭ്യർഥിക്കുന്നു.

**റൂളിങ്**

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് സഭ പരിഗണിക്കാനിരിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബില്ലിന് ആധാരമായ 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് (2024-ലെ 3-ാം നമ്പർ ഓർഡിനൻസ്) റദ്ദായ സാഹചര്യത്തിൽ പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബിൽ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതിലെ അസാംഗത്യം സംബന്ധിച്ചാണ് ശ്രീ. അൻവർ സാദത്ത് ക്രമപ്രശ്നം ഉന്നയിച്ചത്. ഇക്കാര്യത്തിൽ നിലവിലുള്ള നിയമവ്യവസ്ഥയെയും നിയമസഭയിലെ കീഴ്വഴക്കത്തെയും സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി.

ഇവിടെ ഉന്നയിക്കപ്പെട്ട വിഷയം സംബന്ധിച്ച് ഭരണഘടനാ വ്യവസ്ഥകൾ, നടപടിചട്ടങ്ങളിലെ വ്യവസ്ഥകൾ, കീഴ്വഴക്കങ്ങൾ എന്നിവയെ സംബന്ധിക്കുന്ന യാതൊരു ലംഘനവും ഉണ്ടായില്ലെന്നുമാത്രമല്ല

സമാനസ്വഭാവമുള്ള നിരവധി സന്ദർഭങ്ങളിൽ ഓർഡിനൻസിനുപകരമുള്ള ബില്ലുകൾ കേരള നിയമസഭയിൽ അവതരിപ്പിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതായി കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ഈ ബില്ലിലെ വ്യവസ്ഥകൾ 2007-ലെ The Maintenance and Welfare of Parents and Senior Citizens Act-നെ ശക്തിപ്പെടുത്തുന്ന വിധത്തിലും വയോജനങ്ങളെ വേണ്ടവിധത്തിൽ പരിപാലിക്കാത്തവർക്ക് അവരുടെ ഉത്തരവാദിത്തങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ട് നിയമപരമായ നടപടികളിലേക്ക് നയിക്കാവുന്ന വിധത്തിലും വയോജനങ്ങൾക്ക് സംരക്ഷണമൊരുക്കുന്നതിന് ഗവൺമെന്റിന് മാർഗനിർദേശം നൽകുന്ന വിധത്തിലുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ചെയർപേഴ്സണും നാലിൽ കവിയാത്ത അംഗങ്ങളും ഉൾപ്പെടുന്ന ഈ കമ്മിഷനിൽ ചെയർപേഴ്സൺ ഉൾപ്പെടെയുള്ളവർ വയോജനങ്ങളും വയോജനക്ഷേമ മേഖലയിൽ പ്രവർത്തനപരിചയമുള്ളവരും ഒരാൾ പട്ടികജാതി/പട്ടികഗോത്രവർഗത്തിലുൾപ്പെട്ടയാളും ഒരാൾ വനിതയും

ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. വയോജനങ്ങൾക്ക് മാനസിക/ധാർമ്മിക പിന്തുണ നൽകുന്നതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. യു. എ. ലത്തീഫ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലിലെ വ്യവസ്ഥകൾ വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന് പര്യാപ്തമല്ല. 2007-ലെ "The Maintenance and Welfare of Parents and Senior Citizens Act" എന്ന കേന്ദ്ര നിയമം നിലവിലുള്ള സാഹചര്യത്തിൽ ഈ ബില്ലിന്റെ യാതൊരു ആവശ്യവുമില്ല. കമ്മിഷന് യാതൊരു അധികാരവും ചുമതലകളും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഈ ബിൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 254-ന് എതിരാണ്. കമ്മിഷൻ ചെയർപേഴ്സന്റെയും മറ്റംഗങ്ങളുടെയും ശമ്പളവും ബത്തകളും ഇനത്തിൽ ഖജനാവിൽനിന്ന് ഭീമമായ തുക ചെലവഴിക്കേണ്ടി വരും. കേന്ദ്ര-നിയമത്തിൽ പ്രതിപാദിക്കാത്ത ഒരു കമ്മിഷനെ സർക്കാർ നിയമിക്കുന്നത് ചില വ്യക്തികളെ മുന്നിൽക്കണ്ടുകൊണ്ടാണ്. യാതൊരു അധികാരവുമില്ലാത്തതും ചുമതലകൾ നടപ്പാക്കാൻ സാധിക്കാത്തതുമായ ഈ ബില്ലുകൊണ്ട് വയോജനങ്ങൾക്ക് യാതൊരു ഗുണവുമുണ്ടാകില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കമ്മിഷനിൽ ചെയർപേഴ്സൺ ഉൾപ്പെടെ അംഗമാകേണ്ട വ്യക്തികൾക്ക് 60 വയസ്സായിരിക്കണമെന്നും ചെയർപേഴ്സൺ ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിലുള്ള ഒരു പൂർണ്ണസമയ ഉദ്യോഗസ്ഥനായിരിക്കണമെന്നുമുള്ള ബില്ലിലെ വ്യവസ്ഥകളിൽ വ്യക്തത വരുത്തണം. രോഗികളായ വയോജനങ്ങൾക്ക് ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വൃദ്ധസദനമെന്ന പേരിൽ മാറ്റം വരുത്തുകയും അവയുടെ എണ്ണം വർധിപ്പിക്കുകയും ചെയ്യണം. കിടപ്പുരോഗികളെ ചികിത്സിക്കുന്നതിനായി സ്ഥിരം ഡോക്ടർമാരെ നിയോഗിക്കുന്നതിനും സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. വയോജനങ്ങളുടെ ആരോഗ്യം, നൈപുണ്യ വികസനം എന്നിവ ലക്ഷ്യമാക്കി സർക്കാർ നിരന്തര ഇടപെടൽ നടത്തണം.

<u>ശ്രീ. കെ. വി. സുമേഷ്:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്ത് വയോജനങ്ങളുടെ എണ്ണം വർധിക്കുന്നതും ജനന നിരക്ക് കുറയുന്നതും ആശങ്കാജനകമാണ്. സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന വയോരക്ഷ, വയോമിത്രം, മന്ദഹാസം, ഓർമ്മത്തോണി തുടങ്ങിയ പദ്ധതികൾ വയോജനങ്ങൾക്ക് ഉപകാരപ്രദമാണ്. 'വൃദ്ധസദനം' എന്ന പേര് മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കണം. മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾക്കെതിരെ നടപടി സ്വീകരിക്കാൻ സാധിക്കുന്ന വിധത്തിലുള്ള നിയമനിർമ്മാണം നടത്തുന്ന കാര്യം പരിശോധിക്കണം. വയോജനങ്ങളുടെ മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ കേൾക്കാനായി വയോജന കമ്മിഷൻ രൂപീകരിക്കുന്നത് സ്വാഗതാർഹമാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി <u>(ഡോ. ആർ. ബിന്ദു):</u> സംസ്ഥാനത്തെ നിലവിലെ സാഹചര്യത്തിൽ വയോജനങ്ങൾക്ക് സംരക്ഷണം നൽകാനായി ഒരു വയോജന കമ്മിഷൻ അനിവാര്യമാണ്. M.W.P.S.C. (The Maintenance and Welfare of Parents and Senior

Citizens Act, 2007) എന്ന കേന്ദ്ര ആക്റ്റുമായി വൈരുധ്യമുള്ള യാതൊന്നും ബില്ലിൽ ഇല്ല. പ്രസ്തുത ആക്റ്റ് നിഷ്കർഷിക്കുന്ന കാര്യങ്ങൾ ഫലപ്രാപ്തിയിൽ കൊണ്ടുവരാനുതകുന്ന വിധത്തിലാണ് വയോജന കമ്മിഷന്റെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. വയോജന കമ്മിഷൻ ചെയർപേഴ്സണ് ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയായിരിക്കും ലഭിക്കുക. സർക്കാർ വൃദ്ധസദനങ്ങളുടെ പേര് 'സ്നേഹാലയം' എന്ന് മാറ്റിയിട്ടുണ്ട്. വയോജനങ്ങളെ സംരക്ഷിക്കുന്ന എല്ലാ കേന്ദ്രങ്ങൾക്കും ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാക്കാനാണ് സംരക്ഷണകേന്ദ്രത്തിന്റെ നിർവചനത്തിൽ വൃദ്ധസദനം എന്ന വാക്ക് ഉപയോഗിച്ചിട്ടുള്ളത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

225, 227, 228, 231, 234, 238, 246, 249, 252, 260, 263, 264, 269, 270, 275, 278, 285, 289, 295, 299, 301, 303, 305, 308, 311, 321, 322, 325, 329 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

339, 342, 345, 348, 351, 355, 369, 377, 381, 384, 386, 389, 395, 402, 409, 413, 415, 417, 423, 427, 428, 431, 432, 433, 436, 441, 442, 449, 451, 452, 455, 459, 460, 465, 466, 469, 471, 474, 475, 479, 481, 485, 490, 491, 493, 495 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

(i) (6)-ാം ഉപഖണ്ഡത്തിന്റെ നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കു പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കണം

" എന്നാൽ (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം നിയമിക്കപ്പെടുന്നതും ഒരു വർഷമോ അതിൽ കുറവോ കാലയളവിലേക്ക് മാത്രം ഔദ്യോഗികസ്ഥാനം വഹിക്കുന്നതുമായ ഒരാളുടെ സംഗതിയിൽ, പ്രസ്തുത കാലയളവ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കാലാവധിയായി കണക്കാക്കാൻ പാടില്ലാത്തതാകുന്നു" .

(ii) (8)-ാം ഉപഖണ്ഡത്തിൽ "ഉദ്യോഗസ്ഥനായിരിക്കുന്നതും" എന്ന വാക്കിനു പകരം "ഓഫീസർ ആയിരിക്കുന്നതും" എന്നീ വാക്കുകൾ ചേർക്കണം.

(iii) (9)-ാം ഉപഖണ്ഡത്തിൽ," ബത്തകൾക്കോ അല്ലെങ്കിൽ സിറ്റിംഗ് ഫീസിനോ" എന്നീ വാക്കുകൾക്കു പകരം '" ബത്തകൾക്കും അല്ലെങ്കിൽ സിറ്റിംഗ് ഫീസിനും" എന്നീ വാക്കുകൾ ചേർക്കണം.

498, 510, 517, 520, 524, 527, 531, 534, 536, 537, 539, 540, 543, 548, 549, 553, 556, 562, 571, 575, 581, 582, 592, 593, 594, 600, 601, 604, 605, 606, 610, 612, 621, 627, 629, 632, 636, 638, 643, 653, 660, 662, 666, 669, 675, 680, 681, 684, 686, 697, 698, 701, 704, 705, 708, 716, 721 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

527. ഖണ്ഡം 4(2)-ൽ "ചെയർപേഴ്സണിനോ" എന്നതിന് പകരം "ചെയർപേഴ്സണോ" എന്ന് ചേർക്കുക.

540. ഖണ്ഡം 4(3)-ൽ "അവ" എന്ന വാക്കിന് മുമ്പ് "സർക്കാർ" എന്ന് ചേർക്കുക.

553. ഖണ്ഡം 4(3)-ൽ " അദ്ദേഹത്തെ" എന്നതിന് പകരം " അദ്ദേഹം" എന്ന് ചേർക്കുക.

621. ഖണ്ഡം 4(4)(എഫ്)-ൽ "അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

643. ഖണ്ഡം 4(5)-ൽ " തത്സ്ഥാനത്ത്" എന്നതിന് പകരം " തൽസ്ഥാനത്ത്" എന്ന് ചേർക്കുക.

705. ഖണ്ഡം 4(8)-ൽ "അർഹത" എന്നതിന് മുമ്പിൽ "അദ്ദേഹത്തിന്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

723, 724, 732, 736 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

727. ഖണ്ഡം 5(1)-ൽ "ലഭ്യമാക്കേണ്ടതാണ്" എന്നതിന് പകരം "നിയമിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

740, 741, 742 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

739. ഖണ്ഡം 6-ൽ "ഓണറേറിയവും ബത്തകളും" എന്നതിന് ശേഷം "സിറ്റിംഗ് ഫീസും" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

753. ഖണ്ഡം 7-ൽ " പ്രവൃത്തികളും" എന്നതിന് പകരം " പ്രവൃത്തിയും" എന്ന് ചേർക്കുക

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(2)-ാം ഉപഖണ്ഡത്തിൽ "ഉദ്യോഗസ്ഥന്റെയോ" എന്ന വാക്കിനു പകരം "ഓഫീസറുടെയോ" എന്ന വാക്ക് ചേർക്കണം.

760, 768, 769, 772, 773, 777 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

777. ഖണ്ഡം 8(3)-ൽ "വിളിക്കാവുന്നതും" എന്നതിന് ശേഷം "യോഗങ്ങളിൽ പങ്കെടുപ്പിക്കാവുന്നതും " എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു..

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒമ്പതാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(2)-ാം ഉപഖണ്ഡത്തിൽ "കമ്മീഷന്" എന്ന വാക്കിനു പകരം "കമ്മീഷൻ" എന്ന വാക്ക് ചേർക്കണം.

779, 782, 786, 787, 793, 794, 798, 799, 805, 806, 807, 808, 813, 814, 824, 828, 830, 841, 842 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

788. ഖണ്ഡം 9(1)-ൽ "ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിന് പകരം "പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

782. ഖണ്ഡം 9(1)-ൽ "സാദ്ധ്യമാക്കുന്നതും" എന്നതിന് പകരം "സാധ്യമാക്കുന്നതും" എന്ന് ചേർക്കുക.

786. ഖണ്ഡം 9(1)-ൽ "കഴിവുകൾ" എന്നതിന് പകരം "കഴിവുകളും പരിചയസമ്പത്തും" എന്ന് ചേർക്കുക.

798. ഖണ്ഡം 9(2)-ൽ "നിർവ്വഹിക്കാവുന്നതാണ്" എന്നതിന് പകരം "നിർവ്വഹിക്കേണ്ടതാണ്" എന്ന് ചേർക്കുക.

807. ഖണ്ഡം 9(2)(സി)-ൽ "അനാഥരാകപ്പെടുകയോ" എന്നതിന് പകരം "അനാഥരാകുകയോ " എന്ന് ചേർക്കുക.

828. ഖണ്ഡം 9(2)(ഇ)-ൽ "റിപ്പോർട്ട് തയ്യാറാക്കി" എന്നതിനു ശേഷം "കഴിവതും വേഗം" എന്ന് ചേർക്കുക.

830. ഖണ്ഡം 9(2)(എഫ്)-ൽ "എന്നിവയിൽനിന്നും" എന്നതിനു പകരം "എന്നിവിടങ്ങളിൽനിന്നും" എന്ന് ചേർക്കുക.

841. ഖണ്ഡം 9(2)(ജി)-ൽ "തയ്യാറാക്കുക" എന്നതിന് പകരം "തയ്യാറാക്കി പ്രസിദ്ധീകരിക്കുക" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(1)-ാം ഉപഖണ്ഡത്തിലെ (ബി) ഇനത്തിൽ "ഉദ്യോഗസ്ഥന്റെയോ" എന്ന വാക്കിനു പകരം "ഓഫീസറുടെയോ" എന്ന വാക്ക് ചേർക്കണം.

844, 845, 846, 849, 852, 854, 855, 859, 863, 864, 867, 868 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

852. ഖണ്ഡം 10(1)(ബി)-ൽ "കോർപ്പറേഷനുകളുടെയോ" എന്നതിന് ശേഷം "ബോർഡുകളുടേയോ" എന്ന് ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

868. ഖണ്ഡം 10(4)-ൽ "പരിഹാരത്തിനായോ" എന്നതിന് ശേഷം "അന്വേഷണം പൂർത്തിയാക്കി ഒരു മാസത്തിനകം" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

871, 873, 878, 879, 881, 884, 885, 887, 893 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

881. ഖണ്ഡം 11-ൽ "സമ്മാനങ്ങൾ" എന്നതിനു പകരം "സമ്മാനങ്ങളോ പുരസ്കാരങ്ങളോ" എന്നത് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

885. ഖണ്ഡം 11-ൽ "നൽകുന്നതിനും" എന്നതിന് ശേഷം "ആയതിലേക്ക്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ്</u>

895, 902, 907 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിമൂന്നാം വകുപ്പ്</u>

913, 916, 919, 922, 925, 927, 928, 929, 935, 936, 938 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാലാം വകുപ്പ്</u>

939, 943, 949, 950, 953, 954, 956, 958, 959 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെ പറയുന്ന ഭേദഗതി സ്വീകരിച്ചു.

943. ഖണ്ഡം 14(1)-ൽ "തീയതിയിലും" എന്നതിന് പകരം "രീതിയിലും" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനഞ്ചാം വകുപ്പ്

മന്ത്രി താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

“ മറ്റെതൊരു ഉദ്യോഗസ്ഥനോ ജീവനക്കാരനോ എന്നീ വാക്കുകൾക്ക് പകരം "മറ്റ് ഉദ്യോഗസ്ഥർക്കോ ജീവനക്കാർക്കോ" എന്നീ വാക്കുകൾ ചേർക്കണം.

963 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

963 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാറാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനേഴാം വകുപ്പ്

972, 973 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനെട്ടാം വകുപ്പ്

976, 977, 979, 982, 984 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പത്തൊൻപതാം വകുപ്പ്

990, 991, 992, 993, 994, 995, 996, 997, 999, 1001, 1002, 1006, 1013, 1014 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപതാം വകുപ്പ്</u>

മന്ത്രി താഴെപറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1016. ഖണ്ഡം 20 താഴെപ്പറയും പ്രകാരം മാറ്റുക.

" 20. <u>സാധൂകരണം</u>.— 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസിന്റെ (2024-ലെ 3) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻ കീഴിൽ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ് ;

(ബി) പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നതിനുശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതിയ്ക്ക് മുമ്പും ചെയ്ത ഏതൊരു കാര്യവും എടുത്ത ഏതൊരു നടപടിയും പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നില്ലായെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്യാമായിരുന്നു അഥവാ എടുക്കാമായിരുന്നു എങ്കിൽ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്."

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

112, 115, 118, 122, 123, 124, 125, 126, 127, 128, 131, 134, 139, 140, 141, 145, 147, 148, 152, 155, 159, 165, 169, 170, 171, 173,

175, 176, 179, 182, 183, 186, 190, 196, 203, 204, 207, 213, 215, 216, 224 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെ പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

127. ദീർഘശീർഷകത്തിൽ "കഴിവുകൾ" എന്നതിന് പകരം "കഴിവുകളും പരിചയസമ്പത്തും" എന്ന് ചേർക്കുക.

134. ദീർഘശീർഷകത്തിൽ "ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിന് പകരം "പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ" എന്ന് ചേർക്കുക.

140. ദീർഘശീർഷകത്തിൽ "പ്രവർത്തനങ്ങൾ" എന്നതിന് പകരം "പദ്ധതികളും പ്രവർത്തനങ്ങളും" എന്ന് ചേർക്കുക.

186. പീഠികയിൽ "കഴിവുകൾ" എന്നതിന് പകരം "കഴിവുകളും പരിചയസമ്പത്തും" എന്ന് ചേർക്കുക.

196. പീഠികയിൽ "ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിന് പകരം "പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ" എന്ന് ചേർക്കുക.

203. പീഠികയിൽ "പ്രവർത്തനങ്ങൾ" എന്നതിന് പകരം "പദ്ധതികളും പ്രവർത്തനങ്ങളും" എന്ന് ചേർക്കുക.

മന്ത്രി താഴെ പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

151. ദീർഘശീർഷകത്തിൽ " ഉറപ്പവരുത്തുന്നതിനുമായി" എന്നതിന് പകരം " ഉറപ്പുവരുത്തുന്നതിനുമായി" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ വൈകുന്നേരം 5.50- ന് പിരിഞ്ഞു.

************